## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1289

04 .12.2014-ൽ
മറുപടിയ്ക്ക്

## 'ഭൂമാഫിയകൾ അനധികൃതമായി കൈവശം വെച്ചിരിക്കുന്ന സർക്കാർ ഭൂമി'

ചോദ്യം
ശ്രീ. ഇ.കെ. വിജയൻ

മറുപടി
ശ്രീ.അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

(എ) ഭൂമാഫിയകൾ അനധികൃതമായി കൈവശം വെച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചു പിടിക്കുന്നതിൽ സർക്കാർ പൂർണ്ണ പരാജയമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) സർക്കാർ ഭൂമി തിരിച്ചു പിടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാരിൻെറ കാലത്ത് സ്വീകരിച്ചത്;

(ബി) സംസ്ഥാനത്തെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് 1957-ലെ കേരള സംരക്ഷണ നിയമം, 2009-ലെ കേരള ഭൂ സംരക്ഷണ (ഭേദഗതി) നിയമപ്രകാരം സർക്കാർ ഭൂമി സംരക്ഷണത്തിനുള്ള നടപടി സ്വീകരിച്ചു വരുന്നു. തൃശ്ശൂർ ജില്ലയിൽ വിവിധ താലൂക്കുകളിലായി 48 ഭൂ സംരക്ഷണ നിയമപ്രകാരമുള്ള കേസുകൾക്ക് നടപടി സ്വീകരിച്ചു വരുന്നു.

(സി) ഇങ്ങനെ പിടിച്ചെടുത്ത ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് നൽകിയിട്ടുണ്ടോ ?

(സി) കൊല്ലം ജില്ലയിൽ 2.85 ഏക്കൽ ഭൂമിയും പത്തനംതിട്ട ജില്ലയിൽ 2 ഹെക്ടർ ഭൂമിയും ഇടുക്കി ജില്ലയിൽ തർക്കവിഷയമല്ലാത്ത എല്ലാ ഭൂമിയും ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് നീക്കിവച്ചിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, വയനാട് , കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ NIL റിപ്പോർട്ടും ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ നടപടി സ്വീകരിച്ചു വരുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ